# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6122 – 28.10.2011-ലെ മറുപടിക്ക്

### നൂറനാട് സബ് ട്രഷറി

| | ചോദ്യം | ഉത്തരം |
|---|---|---|
| ശ്രീ. ആർ രാജേഷ് | | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി ശ്രീ. കെ.എം. മാണി |
| എ) | മാവേലിക്കര മണ്ഡലത്തിലെ നൂറനാട് അനുവദിച്ചിട്ടുള്ള സബ് ട്രഷറിയുടെ പ്രവർത്തനം എന്നു മുതൽ ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ട്രഷറിയുടെ പ്രവർത്തനത്തിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ; | ഈ വർഷം തന്നെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയും. നൂറനാട് സബ് ട്രഷറി കെട്ടിടം നിർമ്മിക്കുന്നതിന് 60.94 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിക്കൊണ്ടും ട്രഷറി നിർമ്മാണ പ്രവർത്തനങ്ങൾ 'ഇൻകെൽ' എന്ന ഏജൻസിയെ ഏൽപ്പിച്ചു കൊണ്ടും 27.1.2011ലെ സ.ഉ (സാധാ) നം:613/2011/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. |
| ബി) | പാലമേൽ പഞ്ചായത്ത് താൽക്കാലിക കെട്ടിടവും സ്ഥലവും നൽകാമെന്ന് വാഗ്ദാനം ചെയ്തിട്ടുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ നവംബർ ഒന്നിനു മുമ്പ് പ്രസ്തുത ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുമോ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ 6 സെന്റ് സ്ഥലം സ്വന്തമായി ലഭിച്ച സാഹചര്യത്തിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം ടി സ്ഥലത്തു തന്നെ ആരംഭിക്കുന്നതിനും പാലമേൽ പഞ്ചായത്തിന്റെ താൽക്കാലിക കെട്ടിടത്തിൽ നവീകരണ പ്രവത്തനങ്ങൾ വേണ്ട വിധം നടത്താൻ സാധിക്കാത്തതിനാൽ ഒഴിവാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. |

Baijurai

സെക്ഷൻ ഓഫീസർ